## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 185 — 03.02.2020-ൽ മറുപടിക്ക്

# മംഗലാപുരം പോലീസ് നോട്ടീസ് അയച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സി. കമറുദ്ദീൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പൗരത്വ ഭേദഗതി നിയമത്തിനെതിരെ ഉയർന്ന പ്രതിഷേധത്തെ തുടർന്ന് മംഗലാപുരത്ത് ഉണ്ടായ അക്രമങ്ങളുമായി ബന്ധപ്പെട്ട് കാസർകോട് ജില്ലയിലെ നിരവധി പേർക്ക് മംഗലാപുരം സിറ്റി ക്രൈം റിക്കാഡ്സ് ബ്യൂറോ അസിസ്റ്റന്റ് കമാണ്ടന്റ് ഓഫീസിൽ നിന്ന് മംഗലാപുരം പോലീസ് സ്റ്റേഷനിൽ ഹാജരാകുന്നതിന് നോട്ടീസ് ലഭിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എത്ര പേർക്കാണ് നോട്ടീസ് അയച്ചത് എന്നും എന്ത് മാനദണ്ഡ പ്രകാരമാണ് നോട്ടീസ് അയക്കേണ്ട ആളുകളുടെ ലിസ്റ്റ് തയ്യാറാക്കിയതെന്നും, സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) പോലീസ് റിപ്പോർട്ട് പ്രകാരം ഏകദേശം 400 ഓളം പേർക്കാണ് ക്രിമിനൽ നടപടി ക്രമം 41 (A) വകുപ്പ് അനുസരിച്ചുള്ള നോട്ടീസ് ലഭിച്ചത്. പൗരത്വ നിയമ ഭേദഗതിക്കെതിരെ കർണ്ണാടക സംസ്ഥാനത്തെ മംഗലാപുരത്ത് 19.12.2019 ൽ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ടുണ്ടായ ക്രമസമാധാന പ്രശ്നങ്ങളും, തുടർന്നുണ്ടായ പോലീസ് വെടിവയ്പ്പുമായി ബന്ധപ്പെട്ട് മംഗലാപുരം സിറ്റി നോർത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം 133/19 നമ്പർ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ മംഗലാപുരം സിറ്റി ക്രൈം റിക്കാഡ്സ് ബ്യൂറോ അസിസ്റ്റന്റ് കമ്മീഷണർ മുമ്പാകെ നേരിട്ട് ഹാജരാകണമെന്നും ഹാജരാകാത്തപക്ഷം തുടർ നടപടികൾ സ്വീകരിക്കുമെന്നും കാണിച്ചാണ് കാസർഗോഡ് ജില്ലയിലെ 400 ഓളം പേർക്ക് നോട്ടീസ് ലഭിച്ചിട്ടുള്ളതായി അറിയുന്നത്. |
| (സി) ഏതെല്ലാം വകുപ്പുകൾ ചേർത്താണ് പ്രസ്തുത നോട്ടീസ് അയച്ചത് എന്ന് വ്യക്തമാക്കാമോ; | (സി) ക്രിമിനൽ നടപടി ചട്ടം 41 (A) വകുപ്പ് പ്രകാരമാണ് പ്രസ്തുത നോട്ടീസ് അയച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഏറ്റവും അടുത്ത നഗരമായ മംഗലാപുരത്ത് ദൈനംദിന ആവശ്യങ്ങൾക്കായി പോകുന്ന വിദ്യാർത്ഥികൾ, സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കും നോട്ടീസ് അയച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | മംഗലാപുരത്ത് അക്രമം ഉണ്ടാക്കിയത് കേരളത്തിൽ നിന്നുള്ളവരാണെന്ന കർണ്ണാടക ആഭ്യന്തര വകുപ്പിന്റെ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കലാപം നടത്തിയത് കേരളത്തിൽ നിന്നുള്ളവരാണെന്ന് മനപൂർവ്വം സ്ഥാപിക്കാൻ കർണ്ണാടക പോലീസ് ശ്രമിക്കുന്നത് സർക്കാർ ഗൗരവമായി പരിശോധിക്കുമോ; | (ഇ) & (എഫ്) | ഇക്കാര്യം പരിശോധിച്ച് ആവശ്യമുള്ള പക്ഷം ഉചിത നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) | ഇതുമായി ബന്ധപ്പെട്ട് കേരള സർക്കാർ കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ